കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി- പഞ്ചായത്ത് ഡയറക്ടറേറ്റിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം: 756 /2011/തസ്വഭവ തിരുവനന്തപുരം, തീയതി: 11/3/2011

---

പരാമർശം:- 1. 17/11/09-ലെ സ.ഉ (എം.എസ്) 207/09/തസ്വഭവ നമ്പർ ഉത്തരവ്

2. 15/11/10-ലെ സ. ഉ (എം.എസ്) 3568/10/തസ്വഭവ നമ്പർ ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 5/3/11-ലെ ജെ2-24408/08 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം ഇ.എം.എസ് ഭവന പദ്ധതിക്കുള്ള സമഗ്ര മാർഗ്ഗ നിർദ്ദേശ ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (2) പ്രകാരം പ്രസ്തുത പദ്ധതിയുടെ വായ്പാ തിരിച്ചടവ് മാർഗ്ഗ നിർദ്ദേശ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. വായ്പയുടെ വിശദാംശങ്ങൾ ഗ്രാമവികസന കമ്മീഷണർ ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കണമെന്നും ഇതിന് സമാന്തരമായി സഹകരണ സംഘം രജിസ്ട്രാർ, സഹകരണ സംഘങ്ങളിൽ നിന്നും വായ്പ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കണമെന്നും തിരിച്ചടവ് സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (2)-ലെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. രണ്ട് മാർഗ്ഗങ്ങളിലൂടെയും ശേഖരിക്കുന്ന കണക്കുകൾ റീകൺസിലിയേഷൻ നടത്തി, മുതൽ തുക വികസന ഫണ്ടിന്റെ രണ്ടാമത്തെയും ഏഴാമത്തെയും ഗഡുക്കളിൽ നിന്നും കുറവ് ചെയ്ത് സംസ്ഥാന സഹകരണ ബാങ്കിന് നൽകണമെന്നും ഉത്തരവായിരുന്നു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായ വിവരങ്ങൾ നൽകാത്തതിനാൽ സഹകരണ സംഘം രജിസ്ട്രാർ നൽകുന്ന വിവരങ്ങളും ഗ്രാമവികസന കമ്മീഷണർ നൽകുന്ന വിവരങ്ങളും പൂർണ്ണമല്ലായെന്നും ലഭ്യമായ കണക്കുകളിലെ കൃത്യതയിലുള്ള വീഴ്ച, വായ്പാ തിരിച്ചടയ്ക്കുന്നതിൽ കാലതാമസത്തിനും പലിശയിനത്തിൽ സർക്കാരിന് വൻബാധ്യതയ്ക്കും കാരണമാകുമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ പഞ്ചായത്തുകളിൽ നിന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം വിവരം ശേഖരിക്കുക, അവ ശരിയാണെന്ന് ഉറപ്പ് വരുത്തുകയും ക്രോഡീകരിക്കുകയും ചെയ്യുക, വായ്പയുടെ മുതൽ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യുകയും സംസ്ഥാന സഹകരണ ബാങ്കിന് നൽകുകയും ചെയ്യുക, ഓരോ ബാങ്കിനും നൽകേണ്ട തുക സംബന്ധിച്ച കണക്കുകൾ തയ്യാറാക്കുക, തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് ലഭിച്ചുവെന്ന് ഉറപ്പു വരുത്തുക, പലിശ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുകയും കൃത്യമായി സൂക്ഷിക്കുകയും ചെയ്യുക, പദ്ധതി നടത്തിപ്പ്, വായ്പയുടെയും പലിശയുടെയും തിരിച്ചടവ് എന്നിവ

സംബന്ധിച്ച് മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയ പ്രവൃത്തികൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് നിർവ്വഹിക്കാൻ പ്രയാസമാണെന്നും ആയത് ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് അറിയിക്കുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ് ഭവന പദ്ധതിയുടെ പഞ്ചായത്തുകളിലെ തിരിച്ചടവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറുടെ (വികസനം) നിയന്ത്രണത്തിൽ ഒരു സീനിയർ സൂപ്രണ്ടും, ഒരു ഹെഡ് ക്ലാർക്കും രണ്ട് ക്ലാർക്കുമാരും അടങ്ങുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവാകുന്നു. മോണിറ്ററിംഗ് സെല്ലിലേയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ റീ ഡിപ്ലോയിമെന്റ് വഴി പഞ്ചായത്ത് ഡയറക്ടർ നിയമിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ &ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ